പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **835**

**11.06.2014** ൽ മറുപടിക്ക്

## മാഞ്ഞാലിതോടിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ജോസ് തെറ്റയിൽ | | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവവകുപ്പ് മന്ത്രി) |
| (എ) | അങ്കമാലി നിയോജകമണ്ഡലത്തിലെ മാഞ്ഞാലിതോടിന്റെ വെട്ടിപ്പുഴക്കടവ് ഭഗവതിക്ഷേത്രം മുതൽ മധുരപുറം പാലം വരെയുള്ള പുനരുദ്ധാരണ പ്രവൃത്തികൾക്കായി നബാർഡ് 25.04.2011ൽ പന്ത്രണ്ട് കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതും 20.03.2013 - ൽ പതിനാല് കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭിച്ചിട്ടുള്ളതുമായ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിലെ കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ; | (എ) | 20-04-2013 ലെ സ.ഉ. (സാധാ) നം. 435/2013/ജ.വി.വ. പ്രകാരം ഭരണാനുമതി നൽകിയ പ്രവൃത്തിയുടെ സാങ്കേതികാനുമതിയ്ക്കായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന്റെ ഭാഗമായി എൽ.ബി.എസ്. സെന്റർ, തിരുവനന്തപുരം മണ്ണു പരിശോധന നടത്തുകയും താലൂക്ക് സർവ്വേ വിഭാഗത്തിന്റെ സഹായത്തോടെ നടത്തിയ അതിർത്തി നിർണ്ണയത്തിൽ തോടിന് പല ഭാഗത്തും പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള വീതി ഇല്ല എന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നെടുമ്പാശ്ശേരി, പാറക്കടവ് എന്നീ പഞ്ചായത്തുകളിൽ അവതരിപ്പിക്കുകയും അവർ മുൻകൈ എടുത്ത് ആവശ്യത്തിന് വീതി ഉറപ്പാക്കാമെന്ന് സമ്മതിക്കുകയും ചെയ്തു. ഇതിനായി പല പ്രാവശ്യം കർഷകരുടെ യോഗം വിളിച്ചെങ്കിലും പദ്ധതിക്കാവശ്യമായ വീതി ഉറപ്പാക്കുന്നതിന് കാലതാമസം നേരിട്ടു. തുടർന്ന് സാങ്കേതികാനുമതിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ് സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ കണ്ടെത്തിയ അപാകതകൾ പരിഹരിക്കുന്നതിനു വേണ്ടിയും സി.പി.ഡബ്ല്യു.ഡി നിരക്കും ഡേറ്റായും അനുസരിച്ച് എസ്റ്റിമേറ്റ് പരിഷ്ക്കരിക്കുന്നതിനു വേണ്ടിയും ചീഫ് എഞ്ചിനീയർക്ക് തിരികെ അയച്ചിട്ടുണ്ട്. ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകാവുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി എന്നത്തേക്ക് നല്കുവാൻ സാധിക്കുമെന്നും പ്രവൃത്തികൾ എന്ന് ആരംഭിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ? | (ബി) | സൂക്ഷ്മ പരിശോധന നടത്തിയ എസ്റ്റിമേറ്റ് എത്രയും വേഗം ലഭ്യമാക്കി സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ